**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 382** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. 2026-27 ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ക്രമ നം.2808 പ്രകാരം മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് അടങ്കൽ തുകയായ 200 ലക്ഷം രൂപയുടെ 20% തുകയായ 40,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മാവേലിക്കര ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 പ്രകാരം 5 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. എന്നാൽ വകുപ്പ് അംഗീകരിച്ച മാതൃകാ രൂപരേഖയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പ്ലാനും നിലവിലെ DSR നിരക്കിൽ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് മാവേലിക്കര കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. നിലവിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയ Schematic Sketch Drawing വകുപ്പിന്റെ അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇത് വകുപ്പിൽ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**